# ഭാവികാല ക്രിയകൾ

الفعْلُ المُضارِعُ എന്നാണ് ഭാവികാലത്തിന് അറബിയിൽ പറയുന്ന പേര്. ഭാവികാലമെന്നതിൽ വർത്തമാന കാലവുംകൂടി ഉൾപ്പെടും. ഭാവികാലമെന്നാൽ വരാൻ പോകുന്നതാണ്, സംഭവിക്കാൻ പോകുന്ന ക്രിയയാണ് ഉദ്ദേശ്യം. വർത്തമാന കാലം എന്നത് കൊണ്ട് ഇപ്പോൾ നടക്കുന്ന ക്രിയയെന്നും വിശദീകരിക്കാം. فعل مضارع ന്റെ ഏതാനും ഉദാഹരണങ്ങൾ. ഖുർആനിലെ ഒന്നാം അധ്യായമായ അൽ ഫാത്തിഹയിലെ പ്രഥമ ക്രിയാപദം പരാമർശിച്ചു തന്നെ തുടങ്ങാം.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ (നിനക്കുമാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം ചോദിക്കുന്നു).

അടിവരയിട്ട نَعْبُدُ എന്ന പദമാണ് فعل مضارع. അത് عَبَدَ എന്ന ഭൂതകാല ക്രിയയിൽ (فعْل ماضٍ) നിന്ന് രൂപമാറ്റം സംഭവിച്ചതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ماضيയിൽ നിന്നാണ് مضارع ഉണ്ടാകുന്നത്. ഭൂതകാല ക്രിയയെ പരിചയപ്പെടുത്തിയപ്പോൾ നാം പഠിച്ച ചില കാര്യങ്ങൾ ഓർമിക്കുക.

فَعَلَ എന്ന ക്രിയയിൽ هُوَ എന്ന സർവനാമം- ضمير -ഒളിഞ്ഞിരിപ്പുണ്ട്. അതിനാൽ فَعَلَ യുടെ അർഥം 'അവൻ ചെയ്തു' എന്നാണ്. അപ്രകാരം ക്രിയകളുടെ പ്രധാന ആറ് രൂപങ്ങളും നാം പഠിച്ചതാണ്.

അതേ ക്രമത്തിൽ مضارع ന്റെ ആറ് രൂപങ്ങളും എങ്ങനെയെന്ന് താഴെ പട്ടികയിൽ വിശദമാക്കാം.

| അർഥം | الفِعْلُ المُضَارِعُ | الفِعْلُ المَاضِى | الضمير |
|---|---|---|---|
| അവൻ ആരാധിക്കുന്നു | يَعْبُدُ | عَبَدَ | هُوَ |
| അവർ ആരാധിക്കുന്നു | يَعْبُدُونَ | عَبَدُوا | هُمْ |
| നീ ആരാധിക്കുന്നു | تَعْبُدُ | عَبَدْتَ | أَنْتَ |
| നിങ്ങൾ ആരാധിക്കുന്നു | تَعْبُدُونَ | عَبَدْتُمْ | أَنْتُمْ |
| ഞാൻ ആരാധിക്കുന്നു | أَعْبُدُ | عَبَدْتُ | أَنَا |
| ഞങ്ങൾ ആരാധിക്കുന്നു | نَعْبُدُ | عَبَدْنَا | نَحْنُ |

مضارع രൂപത്തിൽ വന്ന ഏതാനും ആയത്തുകൾ ശ്രദ്ധിക്കു. (മുകളിൽ കൊടുത്ത അതേ ക്രമത്തിൽ)

أَصَلَوٰتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ ءَابَآؤُنَآ

'നമ്മുടെ പിതാക്കന്മാർ ആരാധിച്ചുവരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്ന് നിന്നോട് കൽപിക്കുന്നത് നിന്റെ നമസ്കാരമാണോ?' (11:87)

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ

'അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുവെ അവർ ആരാധിച്ചുകൊണ്ടിരിക്കുകയാണ്'. (10:18)

إِذْ قَالَ لِأَبِيهِ يَٰٓأَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِى عَنكَ شَيْـًٔا

'അദ്ദേഹം(ഇബ്രാഹീം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം: എന്റെ ബാപ്പാ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് ഒരു ഉപകാരവും ചെയ്യാൻ കഴിയാത്ത വസ്തുവെ താങ്കൾ എന്തിനാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത്?'(19:42)

قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴿١﴾ لَآ أَعْبُدُ مَا تَعْبُدُونَ

'പറയുക: ഹേ, സത്യനിഷേധികളേ, നിങ്ങൾ ആരാധിച്ചു വരുന്നവയെ ഞാൻ ആരാധിക്കുന്നില്ല'.(109:1,2)

وَمَا لِىَ لَآ أَعْبُدُ ٱلَّذِى فَطَرَنِى وَإِلَيْهِ تُرْجَعُونَ

'ആരാണോ എന്നെ സൃഷ്ടിച്ചത്,ആരുടെ അടുത്തേക്കാണോ നിങ്ങൾ മടങ്ങിപ്പോകേണ്ടത്, അവനെ (അല്ലാഹുവെ) ഞാൻ എങ്ങനെ ആരാധിക്കാതിരിക്കും?' (36:22)

قَالُوا۟ نَعْبُدُ إِلَٰهَكَ وَإِلَٰهَ ءَابَآئِكَ إِبْرَٰهِۦمَ
وَإِسْمَٰعِيلَ وَإِسْحَٰقَ إِلَٰهًا وَٰحِدًا

'അവർ (യഅ്ഖൂബ് നബിയുടെ മക്കൾ) പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹിം, ഇസ്മാഈൽ, ഇസ്ഹാഖ് എന്നിവരുടെയും ആരാധ്യനായ ഏക ഇലാഹിനെ മാത്രം ഞങ്ങൾ ആരാധിക്കും'. (2:133)

മുകളിലെഴുതിയ ആറ് രൂപങ്ങളിലും مضارع ആയ ക്രിയയുടെ തുടക്കത്തിൽ ഏതാനും അക്ഷരങ്ങൾ ചേർന്നതായി കാണാം. അവ യഥാക്രമം ي,ت,أ,ن എന്നിവയാണ്.

ഇവയെ مضارع ന്റെ അക്ഷരങ്ങൾ എന്ന് വിളിക്കുന്നു. പ്രസ്തുത അക്ഷരങ്ങളെ ഒരറബി പദമായി ചേർത്തു വായിച്ചാൽ ഓർക്കാൻ എളുപ്പമാകും. 'نَأْتِي 'ഞങ്ങൾ വരുന്നു' എന്ന് അർഥം. أَتَيْنَ എന്നും വായിക്കാം. അപ്പോൾ 'അവർ വന്നു' (സ്ത്രീ) എന്നർഥം.

ഖുർആനിൽ വന്ന ഏതാനും مضارع രൂപങ്ങളും അവയുടെ ഭൂതകാല രൂപവുമാണ് താഴെ:

| الآية | الفِعْلُ المُضَارِعُ | الفِعْلُ المَاضِى |
|---|---|---|
| وَٱللَّهُ يَكْتُبُ مَا يُبَيِّتُونَ ۖ (4:81) | يَكْتُبُ | كَتَبَ |
| أَفَمَن يَخْلُقُ كَمَن لَّا يَخْلُقُ ۗ (16:17) | يَخْلُقُ | خَلَقَ |
| أَهَٰذَا ٱلَّذِى يَذْكُرُ ءَالِهَتَكُمْ (21:36) | يَذْكُرُ | ذَكَرَ |
| وَٱللَّهُ يَرْزُقُ مَن يَشَآءُ (2:212) | يَرْزُقُ | رَزَقَ |
| بِنَصْرِ ٱللَّهِ ۚ يَنصُرُ مَن يَشَآءُ ۖ (30:5) | يَنْصُرُ | نَصَرَ |

ഈ ക്രിയകളിലെല്ലാം مضارع ൽ രണ്ടാമത്തെ അക്ഷരമായ ഐനിൽ ഉകാരമാണ്, അഥവാ ضَمَّة ആണ്. അവസാനത്തെ ഉദാഹരണമായ نَصَرَ– يَنْصُرُ എന്നപോലെ. അതിനാൽ നമുക്കിവയെ 'നസ്വറ' പാറ്റേൺ എന്ന് പറയാം. മറ്റ് പാറ്റേണുകൾ അടുത്ത ലക്കത്തിൽ.